**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2018 — 14/7/2011-ൽ മറുപടിക്ക്

**ഇടമലക്കുടി പഞ്ചായത്ത്**

ചോദ്യം — മറുപടി

ശ്രീ. കെ. വി. വിജയദാസ് :

കുമാരി പി. കെ. ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ ആദ്യത്തെ പട്ടികവർഗ്ഗ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. കേരളത്തിലെ ആദ്യ പട്ടികവർഗ്ഗ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുക, ഇടമലക്കുടിയിൽ ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുക, നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു പുറമെ 4 സബ് സെന്ററുകൾ കൂടി സ്ഥാപിക്കുക എന്നീ കാര്യങ്ങൾ സജീവ പരിഗണനയിലാണ്. കൂടാതെ ഇടമലക്കുടിയിലെ പരമ്പരാഗത വനവിഭവങ്ങളായ തേൻ, തെള്ളി, ചൂരൽ, ഏലം, കുരുമുളക് എന്നിവയുടെ കൃഷി ശാസ്ത്രീയമാക്കുന്നതിന് ഉദ്ദേശിക്കുന്നു. മൊബൈൽ ടവ്വർ സ്ഥാപിച്ച് വാർത്താ വിനിമയ സൗകര്യം എല്ലാ കുടിയിലും ലഭ്യമാക്കേണ്ടതും, കുടികൾ തമ്മിൽ ബന്ധിപ്പിച്ച് റോഡുകൾ നിർമ്മിച്ച് യാത്രാ പ്രശ്നം പരിഹരിക്കേണ്ടതുമാണ്. പ്രകൃതി ദത്തമായ നീരുറവകളിൽ നിന്നും ലഭിക്കുന്ന ജലം, ചെക്ക് ഡാം, കിണറുകൾ എന്നിവ നിർമ്മിച്ച് കുടിവെള്ളത്തിനും, കൃഷിയ്ക്കും, ഉപയുക്തമാക്കാവുന്നതാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് സാമൂഹികമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഇടമലക്കുടി നിവാസികൾക്ക് വീട് നൽകുന്നതിന് ഒരു സ്പെഷ്യൽ പാക്കേജ് |

| | | | |
|---|---|---|---|
| | | | നടപ്പിൽ വരുത്തേണ്ടതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പഞ്ചായത്താഫീസിന് കെട്ടിട നിർമ്മാണങ്ങൾക്ക് പ്രാഥമികമായി റോഡ് നിർമ്മാണം എന്നിവ സംബന്ധിച്ച നടപടികൾക്ക് പ്രാമുഖ്യം നൽകുമോ ; | (ബി) | പഞ്ചായത്ത് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് മുന്നോടിയായി റോഡ് നിർമ്മാണം പരിഗണിക്കാവുന്നതാണ്. |
| (സി) | ഇടമലക്കുടിയിലെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | (സി) | സമഗ്ര വികസനത്തിന് ആവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകളും, ജനപ്രതിനിധികളും സന്നദ്ധ സംഘടനകളുമായി ആലോചിച്ച് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. റോഡുകൾ, വൈദ്യുതി, ശുദ്ധജല വിതരണം, ഭവന നിർമ്മാണം, ആരോഗ്യ കേന്ദ്രങ്ങൾ, സ്കൂൾ, കൃഷി, മൃഗസംരക്ഷണം എന്നിവയ്ക്ക് പ്രാമുഖ്യം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇടമലക്കുടിയിലെ പട്ടികവർഗ്ഗ ജനസംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ ; | (ഡി) | 2008 ൽ കിലയുടെ ആഭിമുഖ്യത്തിൽ നടത്തിയ വിവര ശേഖരണ പ്രകാരം 27 കുടികളിൽ 563 കുടുംബങ്ങളിലായി 2103 പട്ടികവർഗ്ഗക്കാരാണുള്ളത്. |
| (ഇ) | ഇവിടെ നിന്നും സ്കൂളിൽ പോകുന്ന കുട്ടികൾക്ക് കാൽനടയായി സഞ്ചരിക്കേണ്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ഇ) & (എഫ്) | സ്കൂൾ കുട്ടികൾ കാൽനടയായി സഞ്ചരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമഗ്ര വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ വിഷയങ്ങളും സജീവമായി പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (എഫ്) | ഇടമലക്കുടിയിൽ നിന്ന് രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ കഴിയും വിധം എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | | |

സെക്ഷൻ ഓഫീസർ.